പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *594 — 28/07/2015 ൽ മറുപടിക്ക്

## മൃഗാശുപത്രികളുടെയും വെറ്ററിനറി ഡിസ്പെൻസറികളുടെയും ശാക്തീകരണം.

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ലൂഡി ലൂയിസ്<br>ശ്രീ. കെ. എസ്. ശബരീനാഥൻ<br>ശ്രീ. അൻവർ സാദത്ത് : | ശ്രീ. കെ.പി.മോഹനൻ<br>കൃഷിയും മൃഗസംരക്ഷണവും<br>അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി |
| എ) സംസ്ഥാനത്തെ മൃഗാശുപത്രികളുടെയും വെറ്ററിനറി ഡിസ്പെൻസറികളുടെയും ശാക്തീകരണത്തിനു വേണ്ടി പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; | എ) രൂപീകരിച്ചിട്ടുണ്ട്. |
| ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; | ബി) അവശ്യമരുന്നുകൾ ലഭ്യമാക്കിക്കൊണ്ടും മൃഗചികിത്സാ സേവനങ്ങളും സ്ഥാപനങ്ങളും മെച്ചപ്പെടുത്തിക്കൊണ്ടും സ്ഥാപനങ്ങളുടെ നിലവാരം ഏകീകരിച്ചുകൊണ്ട് ആരോഗ്യപരിരക്ഷാ സംവിധാനം മെച്ചപ്പെടുത്തി, അത്യാവശ്യമായ രോഗനിർണയ രീതികൾ വഴി തൊഴിൽപരമായ ഉന്നതീകരണമാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ജില്ലാ മൃഗചികിത്സാ കേന്ദ്രങ്ങൾ ജില്ലാതല റഫറൽ യൂണിറ്റുകളായും താലൂക്ക് തലത്തിൽ വെറ്ററിനറി പോളി ക്ലിനിക്കുകളും പഞ്ചായത്ത് തലത്തിൽ മൃഗാശുപത്രി/ഡിസ്പെൻസറികളും പ്രവർത്തിക്കും.<br>മൃഗചികിത്സക്കാവശ്യമായ ആധുനിക ഉപകരണങ്ങളും രോഗനിർണ്ണയ സഹായികളും വാങ്ങുന്നതിനും മൃഗചികിത്സാ സ്ഥാപനങ്ങൾക്കും ലബോറട്ടറികൾക്കും വേണ്ട പശ്ചാത്തല സൗകര്യങ്ങൾ സ്ഥാപിക്കുന്നതിനും , നിലവിലുള്ള പശ്ചാത്തല |

സൗകര്യങ്ങൾ ശക്തിപ്പെടുത്തുന്നതിനും മരുന്നുകൾ, ഫീഡ് സപ്ലിമെന്റ് തുടങ്ങിയവ വാങ്ങാനും ജില്ലാ വെറ്ററിനറി കേന്ദ്രങ്ങൾ മാതൃകാ ജില്ലാ റഫറൽ യൂണിറ്റുകളായി ഉയർത്തുന്നതിനും ഇരുപത്തിനാലു മണിക്കൂറും മൃഗാരോഗ്യ സംരക്ഷണസേവനം ലഭ്യമാക്കുന്നതിനും സാംക്രമിക രോഗ വിശകലന യൂണിറ്റ് ശക്തിപ്പെടുത്തുന്നതിനും (ശമ്പളം ഒഴികെ) പദ്ധതി വിഹിതം വിനിയോഗിക്കുന്നതാണ്. മൊത്തം വിഹിതത്തിൽ 500 ലക്ഷം രൂപ അടിസ്ഥാന സൗകര്യ വികസനത്തിനായി നീക്കിവെച്ചിരിക്കുന്നു.

കന്നുകാലി ക്ലിനിക്കുകൾ, വന്ധ്യതാ നിവാരണ ക്ലിനിക്കുകൾ, അകിടുവീക്ക രോഗ നിയന്ത്രണത്തെക്കുറിച്ചുള്ള ബോധവൽക്കരണ പരിപാടികൾ എന്നിവ സംഘടിപ്പിക്കുക, അകിടുവീക്ക രോഗനിയന്ത്രണ കിറ്റുകളുടെ ഉല്പാദനവും വിതരണവും, പേ വിഷബാധ നിർമ്മാർജ്ജന പരിപാടിയുടെ കീഴിൽ ബോധവൽക്കരണ പരിപാടികൾ നടത്തൽ, പേവിഷ വാക്സിനുകൾ വാങ്ങൽ, ശബരിമലയിൽ ക്യാമ്പുകൾ സംഘടിപ്പിക്കാനുള്ള ചെലവ് വഹിക്കൽ, പ്രാദേശിക രോഗനിർണ്ണയ ലാബിന്റെയും എൽ.പി.ഐ.ഒ ലാബിന്റെയും ശക്തിപ്പെടുത്തൽ. വളർത്തുമൃഗ ക്ഷേമ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കൽ എന്നിവയ്ക്കു പുറമേ അതിർത്തി ചെക്ക് പോസ്റ്റുകൾ ശക്തിപ്പെടുത്തുന്നതിനും എലിഫെന്റ് സ്ക്വാഡുകളും, വെറ്ററിനറി പോളിക്ലിനിക്കുകളും, ആശുപത്രികളും, ഡിസ്പെൻസറികളും ശക്തിപ്പെടുത്തുന്നതിനും, ജന്തുജന്യ രോഗങ്ങളെ അതീവ ജാഗ്രതയോടെ നിയന്ത്രിക്കുന്നതിനു വേണ്ടിയും വിഹിതം ഉപയോഗിക്കുന്നതാണ്.

കന്നുകാലികളെ ബാധിക്കുന്ന രോഗങ്ങൾ സംസ്ഥാനത്ത് നിന്നും പൂർണ്ണമായി ഉന്മൂലനം ചെയ്യുന്നതിനായി ദേശീയ ക്ഷീര വികസന ബോർഡിന്റെ സഹായത്തോടെ സംസ്ഥാനത്ത് 2003-04 മുതൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതി തുടർന്ന് നടത്തുവാൻ സംസ്ഥാനത്ത് വേണ്ട വിഹിതമാണ് വകയിരുത്തിയിരിക്കുന്നത്. എൻ.ഡി.ഡി.ബി യിൽ നിന്നുള്ള സഹായം 2008-09 മുതൽ ലഭ്യമല്ലാത്തതിനാൽ പദ്ധതി നടപ്പിലാക്കാനുള്ള മൊത്തം ചെലവും

സംസ്ഥാന സർക്കാർ കൈവശമുള്ള കരുതൽ ധനത്തിന്റെ പലിശയിൽ നിന്നും വഹിക്കുന്നതാണ്. ഈ പദ്ധതിയുടെ കീഴിൽ കുളമ്പു രോഗത്തിനെതിരെ തീവ്രപ്രതിരോധ കുത്തിവെയ്പ് പരിപാടി എല്ലാ ജില്ലകളിലും തുടരുന്നതാണ്.

പ്രസ്തുത പരിപാടിയുടെ വിഹിതത്തിന്റെ ഇനം തിരിച്ചുള്ള വിശദാംശങ്ങൾ താഴെകൊടുത്തിരിക്കുന്നു.

| ക്രമ നമ്പർ | ഘടകം | തുക (ലക്ഷം രൂപ ) |
|---|---|---|
| 1 | മൃഗചികിത്സാ സേവനങ്ങൾക്കുള്ള അടിസ്ഥാന സൗകര്യങ്ങളുടെ വികസനം | 500.00 |
| 2 | മരുന്നുകളുടെ സംഭരണം | 900.00 |
| 3 | അകിടുവീക്ക രോഗനിയന്ത്രണ പരിപാടി | 75.00 |
| 4 | വളർത്തുമൃഗ ക്ഷേമ പരിപാടികൾ | 20.00 |
| 5 | സ്ക്വാഡുകൾ, വാക്സിനേഷൻ ക്യാമ്പുകൾ എന്നിവ സംഘടിപ്പിക്കുക | 70.00 |
| 6 | പ്രവർത്തന ചെലവുകൾ | 60.00 |
| 7 | ആവർത്തന ചെലവുകൾ ഒഴികെയുള്ള മൃഗചികിത്സാ സേവനങ്ങൾക്കാവശ്യമായ സൗകര്യങ്ങൾക്കുള്ള ധനസഹായം. | 376.00 |
| 8 | വെറ്ററിനറി പോളി ക്ലിനിക്കുകളുടെയും, ആശുപത്രികളുടെയും ഡിസ്പെൻസറികളുടേയും ശാക്തീകരണം. | 140.00 |
| 9 | ലാബുകളുടെ ശക്തിപ്പെടുത്തൽ 2014-15 വാർഷിക പദ്ധതിയിൽ ഒറ്റത്തവണ അധിക കേന്ദ്രസഹായത്തിൻ കീഴിൽ അംഗീകാരം ലഭിച്ച തെരെഞ്ഞെടുക്കപ്പെട്ട ഘടകങ്ങളുടെ പൂർത്തീകരണം ഉൾപ്പെടെ | 550.00 |
| 10 | വാർഷിക അറ്റകുറ്റപ്പണി, ഉപകരണങ്ങളുടെ ഇൻഷ്വറൻസ് | 20.00 |
| 11 | സീറോ സർവ്വീലൻസ് മോണിറ്ററിംഗ് ഓൺ ഡിസീസസ് ഓഫ് സൂണോട്ടിക് ഇംപോർട്ടൻസ് | 10.00 |
| 12 | ജി.ഐ.എസ് മുഖാന്തിരം ഡിസീസസ് മാപ്പിംഗ് | 25.00 |
| 13 | ജന്തുരോഗ നിയന്ത്രിത മേഖല (ഗോരക്ഷാ പദ്ധതി) | 200.00 |
| 14 | കന്നുകുട്ടി സംരക്ഷണ കിറ്റുകൾ | 200.00 |
| | ആകെ | 3146.00 |

ഇ- ഗവേണൻസ് പരിശീലനം ലഭിച്ച വെറ്ററിനറി ഡോക്ടർമാർ വഴി സംസ്ഥാനത്ത് ജി.ഐ. എസ് അടിസ്ഥാനമാക്കി ഡിസീസ്സ് മാപ്പിംഗ് പദ്ധതിക്കായി 25 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

നിലവിലുള്ള സാഹചര്യത്തിൽ കർഷകർ അവരുടെ മൃഗങ്ങളെ ആശുപത്രികളിൽ കൊണ്ടുവരുന്നതിന് ബുദ്ധിമുട്ട് നേരിടുന്നു. വൈകിട്ട് 6 മണിമുതൽ രാവിലെ 6 മണിവരെയുള്ള സമയത്ത് സേവനം ലഭ്യമാക്കുന്നുമില്ല. കർഷകർക്ക് അവരുടെ കൃഷിയിടങ്ങളിൽ വെച്ചുതന്നെ സേവനം ലഭ്യമാക്കേണ്ടിയിരിക്കുന്നു. ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി പാലുല്പ്പാദനം കൂടുതലുള്ള പുതിയ 25 ഡയറി ബ്ലോക്കുകളിലും കൂടാതെ നിലവിൽ പ്രസ്തുത സേവനം നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന 25 യൂണിറ്റുകളും ഉൾപ്പെടെ ആകെ 50 ബ്ലോക്കുകളിൽ അസമയങ്ങളിൽ അടിയന്തിര മൃഗചികിത്സാ സേവനം ലഭ്യമാക്കുന്നതിനും കർഷകരുടെ വീട്ടുപടിക്കൽ ആരോഗ്യ സുരക്ഷാ സേവനങ്ങൾ നൽകുന്നതിനും അതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങളോട്ടുകൂടിയ വാഹനങ്ങൾ നൽകുന്നതിനും പദ്ധതി ലക്ഷ്യമിടുന്നു. ഈ പദ്ധതിക്കുവേണ്ടി 425 ലക്ഷം രൂപ നീക്കിവെച്ചിരിക്കുന്നു. വിഹിതത്തിന്റെ ഘടകം തിരിച്ചുള്ള പിരിവ് താഴെ പറയും പ്രകാരമാണ്.

| ക്രമ നമ്പർ | ഘടകം | തുക (ലക്ഷം രൂപ ) |
|---|---|---|
| 1 | കർഷകർക്ക് അവരുടെ വീട്ടുപടിക്കൽ സേവനം ലഭ്യമാക്കുന്നതിനുവേണ്ടിയുള്ള ആംബുലൻസ് | 72.00 |
| 2 | ബ്ലോക്ക് തലത്തിൽ രാത്രികാലത്ത് അടിയന്തര മൃഗചികിത്സാ സേവനം | 182.00 |
| 3 | സമഗ്ര ആരോഗ്യ രക്ഷാ പരിപാടികൾ | 150.00 |
| 4 | സഞ്ചരിക്കുന്ന മൾട്ടി സ്പെഷ്യാലിറ്റി ക്ലിനിക്കുകളുടെ പ്രവർത്തനത്തിനാവശ്യമായ മനുഷ്യശേഷി | 21.00 |
| | ആകെ | 425.00 |

പരിപാടിയനുസരിച്ച് പതിവായി നിശ്ചിത സ്ഥലങ്ങളിൽ ക്ഷീര

സഹകരണ സംഘങ്ങളുമായി ചേർന്ന് സന്ദർശനം സംഘടിപ്പിക്കുന്നതും സംഘത്തിന്റെ സന്ദർശനം സംഘടിപ്പിക്കുന്നതിന് ക്ഷീരസഹകരണ സംഘങ്ങൾക്ക് ചെലവിന്റെ ഒരു ഭാഗം നൽകുന്നതും, ഇതിനെ എസ്.എൽ.ബി.പിയുമായി ബന്ധിപ്പിക്കുന്നതുമാണ്. എസ്.എൽ.ബി.പി യും ക്ഷീരസഹകരണ സംഘങ്ങളും വഴി സംഘടിപ്പിക്കുന്ന ഫീൽഡ് സന്ദർശനം നടത്തുന്നതാണ്.

തെരെഞ്ഞെടുക്കപ്പെട്ട വെറ്ററിനറി പോളിക്ലിനിക്കുകളുടെ വികസനത്തിനും റഫറൽ ക്ലിനിക്കുകളായി ഉയർത്തുന്നതിനുമായി 2015-16 ൽ 491 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത തുകയിൽ 441 ലക്ഷം രൂപ 2015-16 വർഷത്തെ ഒറ്റത്തവണ അധിക കേന്ദ്രസഹായമായാണ് വകയിരുത്തിയിട്ടുള്ളത്.

| | |
|---|---|
| സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ? | സി) മൃഗചികിത്സാ സേവനങ്ങൾ ശക്തിപ്പെടുത്തുന്നതിനുള്ള പദ്ധതിയിലെ തുടർ പദ്ധതികൾക്ക് മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറേറ്റ് തലത്തിൽ 2012.945 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകുകയും പദ്ധതി നിർവ്വഹണത്തിനായി ഫണ്ട് ജില്ലാ മൃഗസംരക്ഷണ ഓഫീസർമാർക്ക് നൽകുകയും ചെയ്തിട്ടുണ്ട്. മൃഗാശുപത്രികൾക്ക മരുന്ന വാങ്ങുന്നതിനുള്ള ടെണ്ടർ നടപടികൾ ആരംഭിച്ചുകഴിഞ്ഞു. മൃഗചികിത്സാ സേവനങ്ങൾ ശക്തിപ്പെടുത്തുന്നതിനുള്ള പദ്ധതിയിൽ പുതിയ പരിപാടികൾക്ക ഭരണാനുമതി നൽകിയിട്ടുണ്ട്. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ